ചട്ടം 6 പ്രകാരം സർക്കാർ ഓഫീസുകളിലെ നോട്ടീസ് ബോർഡിൽ ഗസറ്റ് വിജ്ഞാപനത്തിലെ വിവരങ്ങളും സേവനങ്ങൾ ലഭിക്കുന്നതിനുള്ള അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകളും ചട്ടങ്ങളിലെ ഫോറങ്ങളും എഴുതി പ്രദർശിപ്പിക്കുന്നതിലേയ്ക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കേരള സംസ്ഥാന സേവനാവകാശ ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം സേവനത്തിന് അർഹതയുള്ള ഒരാളുടെ അപേക്ഷ ലഭിക്കുന്നതിന്മേൽ നിയുക്ത ഉദ്യോഗസ്ഥനോ, പ്രാധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ അതത് സംഗതിപോലെ, അപേക്ഷകന്, ഫോറം നമ്പർ 1-ൽ കൈപ്പറ്റ് രസീത് നൽകേണ്ടതാണെന്നും സേവനം നൽകുന്നതിനാവശ്യമായ ഏതെങ്കിലും രേഖകൾ അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്തിട്ടില്ലാത്തപക്ഷം ആയത് കൈപ്പറ്റ് രസീതിൽ വ്യക്തമായി രേഖപ്പെടുത്തേണ്ടതും അത്തരം സേവനത്തിനുള്ള നിശ്ചിത സമയപരിധി രേഖ ഹാജരാക്കുന്ന തീയതി മുതൽ ആരംഭിക്കുന്നതുമാണെന്ന് 21-10-2014-ലെ സർക്കുലർ നമ്പർ.16203/എ.ആർ.12(1)/13/ ഉ.ഭ. പ.വ. പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

സേവനാവകാശ നിയമപ്രകാരം നൽകിയ സേവനങ്ങൾ സംബന്ധിച്ച സമാഹൃത റിപ്പോർട്ട് ഓരോ മാസവും വകുപ്പുതലവന്മാർ ബന്ധപ്പെട്ട് ഭരണ വകുപ്പ് മുഖേന ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ കേരള സംസ്ഥാന സേവനാവകാശ നിയമം, 2012 സംബന്ധിച്ച പ്രവർത്തനങ്ങളുടെ വിലയിരുത്തൽ ഐ.എം.ജി. ഡയറക്ടറുടെ മേൽനോട്ടത്തിൽ പ്രാഗത്ഭ്യമുള്ള ഏതെങ്കിലും സർക്കാർ ഏജൻസിയെ കൊണ്ട് നടപ്പിലാക്കി വിലയിരുത്തൽ റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കാൻ ഐ.എം.ജി. ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സേവനാവകാശ നിയമത്തിന്റെ വിലയിരുത്തലിനായി ഓൺലൈൻ മോണിറ്ററിംഗ് സംവിധാനം സ്ഥാപിക്കാൻ വിവര സാങ്കേതിക വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

താത്കാലിക സർവ്വീസുള്ള ഡ്രൈവർമാർ

20 (1884) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്ത് വകുപ്പിൽ ജോലി ചെയ്തിരുന്ന 25 വർഷം വരെ താത്കാലിക സർവ്വീസുള്ള ഡ്രൈവർമാരെ പിരിച്ച് വിട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ജീവിത സായാഹ്നത്തിലെത്തിയ ഇവർക്ക് മറ്റൊരു ജോലി നേടാൻ കഴിയാത്ത അവസ്ഥയും മാനുഷിക പരിഗണനയും മുൻനിർത്തി സർക്കാരിന്റെ ഏതെങ്കിലും വകുപ്പിൽ ജോലി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) 25-2-2014-ലെ സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 51/2014/ തസ്വഭവ പ്രകാരം തിരുവനന്തപുരം (3), ആലപ്പുഴ (3), കോട്ടയം (31), ഇടുക്കി (11), മലപ്പുറം (9), കോഴിക്കോട് (40) എന്നിങ്ങനെ 91 ഗ്രാമപഞ്ചായത്തുകളിലായി 97 ഡ്രൈവർ തസ്തികകൾ സൃഷ്ടിക്കുകയുണ്ടായി. ടി തസ്തികകളിലെ നിയമനം പി.എസ്.സി. വഴി നടത്തിയ സാഹചര്യത്തിൽ ഗ്രാമപഞ്ചായത്തുകളിൽ താത്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്യുവന്നിരുന്ന ഡ്രൈവർമാരെ പിരിച്ചുവിട്ടത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിലെ നിയമവ്യവസ്ഥ അനുസരിച്ച് താത്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്ന ജീവനക്കാരെ സ്ഥിരപ്പെടുത്താൻ നിർവ്വാഹമില്ല.

പഞ്ചായത്ത് വകുപ്പിൽ ജോലി ചെയ്തിരുന്നതും പിരിച്ചുവിട്ടതുമായ ഡ്രൈവർമാർക്ക് ഏതെങ്കിലും വകുപ്പിൽ ജോലി നൽകുന്നതിനുള്ള നടപടി

21 (1885) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് 25 വർഷം വരെ താത്കാലിക സർവ്വീസുള്ള പഞ്ചായത്ത് വകുപ്പിൽ ജോലി ചെയ്തിരുന്ന ഡ്രൈവർമാരെ പിരിച്ചുവിട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ജീവിത സായാഹ്നത്തിലെത്തിയ ഇവർക്ക് മറ്റൊരു ജോലി നേടാൻ കഴിയാത്ത അവസ്ഥയും മാനുഷിക പരിഗണനയും മുൻനിർത്തി ഏതെങ്കിലും വകുപ്പിൽ ജോലി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) 25-2-2014-ലെ സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 51/2014/തസ്വഭവ പ്രകാരം തിരുവനന്തപുരം (3), ആലപ്പുഴ (3), കോട്ടയം (31), ഇടുക്കി (11), മലപ്പുറം (9), കോഴിക്കോട് (40) എന്നിങ്ങനെ 91 ഗ്രാമപഞ്ചായത്തുകളിലായി 97 ഡ്രൈവർ തസ്തികകൾ സൃഷ്ടിക്കുകയുണ്ടായി. ടി തസ്തികകളിലെ നിയമനം പി.എസ്.സി. വഴി നടത്തിയ സാഹചര്യത്തിൽ ഗ്രാമപഞ്ചായത്തുകളിൽ താത്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്യുവന്നിരുന്ന ഡ്രൈവർമാരെ പിരിച്ചുവിട്ടത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിലെ നിയമവ്യവസ്ഥ അനുസരിച്ച് താത്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്യുവരുന്ന ജീവനക്കാരെ സ്ഥിരപ്പെടുത്താൻ നിർവ്വാഹമില്ല.

LIBRARY ARCHIVES Kerala Legislative Assembly